REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 16-06-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **സൈപ്രസുമായി സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യ ഏറെ പ്രതിബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പതിനാറാമത് ദേശീയ ജനസംഖ്യാ കണക്കെടുപ്പിന് ഇന്ന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കും.**
- **നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ പരസ്യപ്രചാരണം അവസാനലാപ്പിലേക്ക്.**
- **ശുദ്ധജലം കാര്യക്ഷമതയോടെ ഗുണഭോക്താക്കളിൽ എത്തിക്കുന്ന 'വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ' പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഉദ്ഘാടനം ചെയ്യും.**
- **അതിതീവ്ര മഴസാധ്യത കണക്കിലെടുത്ത് ഇന്ന് അഞ്ച് വടക്കൻ ജില്ലകളിൽ ചുവപ്പു ജാഗ്രത. 11 ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.**

## വാർത്തകൾ വിശദമായി

സൈപ്രസുമായി സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യ ഏറെ പ്രതിബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ലിമാസോളിൽ ബിസിനസ് വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 23 വർഷത്തിനു ശേഷം ഇത്തരമൊരു വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാൻ തയ്യാറായത് സൈപ്രസിന് ഇന്ത്യ നൽകുന്ന പ്രധാന്യത്തിന് തെളിവാണെന്ന് അദ്ദേഹം പറഞ്ഞു.

ഇപ്പോഴത്തെ ഉഭയകക്ഷി വ്യാപാരം 150 ദശലക്ഷം ഡോളറിന്റേതാണെങ്കിലും, ഇരുരാജ്യങ്ങൾക്കുമിടയിലെ വ്യാപാര പങ്കാളിത്തം ഇനിയും വളരെയേറെ കൂടാൻ അവസരങ്ങളുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. തുറമുഖ വികസനം, കപ്പൽ നിർമ്മാണം, പഴയ കപ്പൽ പൊളിക്കൽ, മേഖലകളിലെ പുതിയ നയങ്ങളും, അതിവേഗം വികസിക്കുന്ന വ്യോമയാന മേഖലയും പുതിയ അവസരങ്ങൾ തുറന്നിരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യ- സൈപ്രസ് - ഗ്രീസ് ബിസിനസ് നിക്ഷേപ കൗൺസിൽ രൂപീകരണം സാമ്പത്തിക സഹകരണം കൂടുതൽ ശക്തമാക്കാൻ സഹായിക്കുമെന്നും പ്രധാനമന്ത്രി വിലയിരുത്തി.

✪✪✪

പതിനാറാമത് ദേശീയ ജനസംഖ്യാ കണക്കെടുപ്പിന് ഇന്ന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ അറിയിച്ചു. ഇതാദ്യമായി ജാതി തിരിച്ച കണക്കെടുപ്പും ഇതോടൊപ്പം നടത്തുമെന്ന് അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. 34 ലക്ഷത്തിലേറെ എന്യൂമറേറ്റർമാർക്കും, സൂപ്രർവൈസർമാർക്കും പുറമെ ഒരു ലക്ഷത്തി 30,000 ത്തോളം അനുബന്ധ ഉദ്യോഗസ്ഥരും ഈ പ്രക്രിയയിൽ പങ്കെടുക്കും. മൊബൈൽ ഡിജിറ്റൽ ഗാഡ്ജറ്റുകൾ ഉപയോഗിച്ചായിരിക്കും സെൻസസ് നടപടികൾ.

✪✪✪

ഇസ്രായേൽ- ഇറാൻ സംഘർഷ സാഹചര്യത്തിൽ ഇസ്രായേലിൽ കഴിയുന്ന ഇന്ത്യക്കാർക്ക് ഇന്ത്യൻ എംബസി ജാഗ്രതാ നിർദ്ദേശം നൽകി. ഇസ്രായേലിൽ ജോലി ചെയ്യുന്നവർ, വിദ്യാർത്ഥികൾ, വ്യാപാരികൾ, വിനോദസഞ്ചാരികൾ തുടങ്ങിയവരുമായി ടെൽ അവീവിലെ ഇന്ത്യൻ എംബസി നിരന്തരം സമ്പർക്കം പുലർത്തിവരികയാണ്. സുരക്ഷ ഉറപ്പാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും എംബസി അറിയിച്ചു.

ടെഹ്റാനിലെ ഇന്ത്യൻ എംബസിയും സുരക്ഷാ സാഹചര്യങ്ങൾ വിലയിരുത്തി വരികയാണ്. ഇറാനിൽ പഠിക്കുന്ന ഏതാനും ഇന്ത്യൻ വിദ്യാർത്ഥികളെ എംബസിയുടെ കീഴിൽ കൂടുതൽ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്. ഇന്ത്യൻ സമൂഹത്തിന്റെ സംഘടനകളുമായി എംബസി നിരന്തരം ബന്ധപ്പെട്ടുവരികയാണെന്നും അധികൃതർ അറിയിച്ചു.

✪✪✪

ഗുജറാത്തിലെ അഹമ്മദാബാദിൽ വിമാനാപകടത്തിൽ മരിച്ച യാത്രക്കാരുടെ ബന്ധുക്കളിൽ നിന്നും ഇതുവരെ 250 DNA സാമ്പിളുകൾ ശേഖരിച്ചു. ഇതിൽ അറുപത്തി രണ്ടുപേരുടെ സാമ്പിളുകൾ ഒത്തുനോക്കി, മുപ്പത്തിയഞ്ചു

മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടു കൊടുത്തതായി അധികൃതർ അറിയിച്ചു. ഇനി മൂന്നു യാത്രക്കാരുടെ ബന്ധുക്കളിൽ നിന്നാണ് സാമ്പിൾ ശേഖരിക്കാൻ ശേഷിക്കുന്നത്. അമേരിക്കയിൽ നിന്ന് ഇവർ രണ്ടോ മൂന്നോ ദിവസത്തിനകം എത്തി സാമ്പിളുകൾ കൈമാറും.

✪✪✪

നിലമ്പൂർ ഉപ തിരഞ്ഞെടുപ്പിൽ പരസ്യപ്രചാരണം അവസാനലാപ്പിലേക്ക്. വ്യാഴാഴ്ചത്തെ വോട്ടെടുപ്പിന് സർവ്വസന്നാഹങ്ങളുമായി മുന്നണികൾ ആവനാഴിയിലെ അവസാന അമ്പും പുറത്തെടുത്തു കഴിഞ്ഞു.

ആകാശവാണി പ്രതിനിധി M സുരേഷ് ബാബുവിന്റെ റിപ്പോർട്ട്.

....(വോയ്സ്).............

✪✪✪

ശുദ്ധജലം കാര്യക്ഷമതയോടെ ഗുണഭോക്താക്കളിൽ എത്തിക്കുന്ന 'വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ' പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. പീച്ചി ഡാമിൽ നിന്നെടുക്കുന്ന വെള്ളം ശുദ്ധീകരിച്ച് 18,500 ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതിയാണിത്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് കോടി 90 ലക്ഷം രൂപ ചെലവിലാണ് പ്രവൃത്തി പൂർത്തീകരിച്ചത്. സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരത്തിൽ പൂർണ്ണമായി ഓൺലൈനിൽ പരിശോധിക്കാൻ കഴിയുന്ന പദ്ധതി നടപ്പാക്കുന്നത്.

✪✪✪

മണ്ണുത്തി വെറ്ററിനറി കോളേജിലെ ആധുനിക ലബോറട്ടറി സമുച്ചയവും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും. വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി ക്യാമ്പസിലെ ചടങ്ങിൽ മന്ത്രി J ചിഞ്ചുറാണി അധ്യക്ഷയായിരിക്കും. മന്ത്രി K. രാജൻ മുഖ്യാതിഥിയായി പങ്കെടുക്കും. സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ച് പണി കഴിപ്പിച്ച പെൺകുട്ടികളുടെ ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

തൃശൂർ രാമവർമ്മപുരം കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 19-ാമത് C ബാച്ചിലെ വനിതാ പോലീസ്

കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ അക്കാദമി പരേഡ് ഗ്രൗണ്ടിൽ നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിൽ അഭിവാദ്യം സ്വീകരിക്കും. 144 കോൺസ്റ്റബിൾമാരാണ് പരേഡിൽ പങ്കെടുക്കുന്നത്.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. അതിതീവ്ര മഴസാധ്യത കണക്കിലെടുത്ത് അഞ്ച് വടക്കൻ ജില്ലകളിൽ ഇന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത നൽകി. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് അതിതീവ്ര മഴ സാധ്യത പ്രവചിക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെ മറ്റ് അഞ്ച് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള തീരത്ത് ഉയർന്ന തിരമാലകൾക്കും, കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന കേന്ദ്രം അറിയിച്ചു. തീരമേഖലയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

11 ജില്ലകളിൽ ഇന്ന് പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നൽകി. കോഴിക്കോട് ജില്ലയിൽ കോളജുകൾക്ക് അവധി ബാധകമല്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഒഴികെയാണ് അവധി. മാഹിയിലും, ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അമ്പലപ്പുഴ താലൂക്കുകൾ എന്നിവിടങ്ങളിലും അവധിയായിരിക്കും. മലപ്പുറം, ഇടുക്കി ജില്ലകളിൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് അവധി ബാധകമല്ല. നേരത്തെ നിശ്ചയിച്ച പരീക്ഷകൾക്കും മാറ്റമുണ്ടായിരിക്കില്ല.

✪✪✪

കാസർകോട്, കണ്ണൂർ ജില്ലകളിൽ ശക്തമായ മഴ തുടരുകയാണ്. മണ്ണിടിച്ചിൽ ഭീഷണിയെ തുടർന്ന് കാസർകോട് ജില്ലയിലെ നിരവധി കുടുംബങ്ങളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റിപ്പാർപ്പിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി P. ജഗന്നിവാസൻ .......

....(വോയ്സ്) ..........

✪✪✪

കണ്ണൂർ ജില്ലയിൽ രണ്ട് ദിവസമായി പെയ്യുന്ന കനത്ത മഴ ജനജീവിതത്തെ ബാധിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ.

....(വോയ്സ്).....

✪✪✪

പുറംകടലിൽ തീപിടിച്ച വാൻ ഹായ് 503 കപ്പലിലെ രക്ഷാബോട്ട് ആലപ്പുഴ പുന്നപ്ര വാടയ്ക്കൽ തീരത്തടിഞ്ഞു. ഞായറാഴ്ച രാത്രി ഒൻപതോടെയാണ് വാടയ്ക്കൽ അറപ്പപ്പൊഴിക്ക് സമീപം വാൻ ഹായ് 503 സിംഗപ്പൂർ എന്ന് രേഖപ്പെടുത്തിയ ബോട്ട് അടിഞ്ഞത്.

✪✪✪

ദുരന്തങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ പ്രകൃതിസംരക്ഷണത്തെ അവഗണിക്കാൻ കഴിയില്ലെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു.. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി വനം വകുപ്പ് നടപ്പാക്കുന്ന വിത്തുണ്ടകളുടെ പ്രചാരണ പദ്ധതി വിത്തൂട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോഴിക്കോട് കാക്കവയൽ വനപർവ്വം ഇക്കോടൂറിസം സെന്ററിലായിരുന്നു സംസ്ഥാനതല ഉദ്ഘാടന ചടങ്ങ്.

മൃഗങ്ങൾക്കാവശ്യമായ ഭക്ഷണവും ജലവും വനത്തിനകത്തു തന്നെ ലഭ്യമാക്കാനും, അധിനിവേശ സസ്യങ്ങളുടെ ബാഹുല്യം കുറയ്ക്കാനും, വന്യജീവി ആക്രമണങ്ങളിലെ ആശ്വാസ നടപടികൾ വേഗത്തിലാക്കാനും നടപടിയെടുക്കുമെന്ന് മന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ ഉൾവനമേഖലയ്ക്കായി നാല് ലക്ഷത്തിലധികം വിത്തുണ്ടകൾ തയ്യാറാക്കിയിട്ടുണ്ട്. മണ്ണിന്റെയും ജൈവവളത്തിന്റെയും മിശ്രിതത്തിൽ പൊതിഞ്ഞ പ്രാദേശിക സസ്യങ്ങളുടെ വിത്തുകളാണ് വിത്തുണ്ടകളിൽ അടങ്ങിയിരിക്കുന്നത്.

✪✪✪

മാനാഞ്ചിറ -വെള്ളിമാടുകുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തി മന്ത്രി P A മുഹമ്മദ് റിയാസ് വൈകിട്ട് സിവിൽ സ്റ്റേഷന് സമീപം ഉദ്ഘാടനം ചെയ്യും. മലാപ്പറമ്പ് ഭാഗത്തെ പ്രവൃത്തിയാണ് ആരംഭിക്കുന്നത്.

കോഴിക്കോടിന്റെ സ്വപ്നപദ്ധതികൾ സംസ്ഥാനഗവണ്മെന്റ് ഒറ്റ പദ്ധതിയാക്കി അട്ടിമറിച്ചെന്ന് BJP സിറ്റി ജില്ലാപ്രസിഡന്റ് K.P പ്രകാശ്ബാബു കുറ്റപ്പെടുത്തി. പദ്ധതി നടപ്പാക്കാൻ സാമ്പത്തിക ശേഷി ഇല്ലെങ്കിൽ അത് ജനങ്ങളോട് തുറന്നുപറയുകയാണ് വേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ന്യൂയോർക്കിൽ സൂപ്പർ വെൽറ്റർവെയ്റ്റ് പോരാട്ടത്തിൽ ഇന്ത്യൻ ബോക്സിംഗ് താരം നിഷാന്ത് ദേവിന് ജയം. മെക്സിക്കോയുടെ ജോഷ്വാ സിൽവയെയാണ് നിഷാന്ത് പരാജയപ്പെടുത്തിയത്.

✪✪✪

വിദ്യാർത്ഥികൾ നീതിക്കു വേണ്ടി നിലകൊള്ളുകയും നന്മക്കായി ശബ്ദമുയർത്തുകയും ചെയ്യണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് എലത്തൂർ നിയോജക മണ്ഡലത്തിലെ SSLC, പ്ലസ് ടു മുഴുവൻ A പ്ലസ് നേടിയവരെ അനുമോദിക്കുന്ന 'ടോപ്പേഴ്സ് മീറ്റ് 2025' ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മന്ത്രി K കൃഷ്ണൻകുട്ടി വിദ്യാർത്ഥികൾക്ക് പുരസ്കാരങ്ങൾ വിതരണം ചെയ്തു. നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ വിദ്യാർത്ഥികൾ ഉപയോഗപ്പെടുത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീർവെപ്പ് നാളെ നടത്തും. മറ്റന്നാളാണ് ഇളനീരാട്ടം.

✪✪✪

---

.

*News Editor: വി.കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*CNRTs: സബിത ആനന്ദ്*
*DEO : ഷീബ*